DCPO/T/A1/2305 /2021

വനിതാ ശിശു വികസന വകുപ്പ്
ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ
കാര്യാലയം ,തിരുവനന്തപുരം
tvmdcpu2015@gmail.com
ഫോൺ :0471-2-345121
തീയതി :20-09-2022

# വിജ്ഞാപനം

ബാലനീതി നിയമം 2015 വകുപ്പ് 15 , ബാലനീതി മാതൃകാ ചട്ടങ്ങൾ 2016 ചട്ടം 10 എ അനുസരിച്ച് ജില്ലയിലെ ജുവനൈൽ ജസ്റ്റിസ് ബോർഡ് മുൻപാകെ എത്തുന്ന നീചമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന 16 -18 വയസ്സിനു ഇടയിലുള്ള കുട്ടികളുടെ മാനസിക ആരോഗ്യ നില നിർണ്ണയിക്കുന്നതിനു ജെ ജെ ബി കളെ സഹായിക്കുന്നതിലെക്കായി ഒരു വിദഗ്ധ പാനൽ രൂപീകരിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .ആയതിലേക്കായി താഴെ പറയുന്ന തസ്തികകളിലേക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു

1. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് : യോഗ്യത –എം.എസ്.സി സൈക്കോളജി,കൂടാതെ കുട്ടികളുമായി ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് അഞ്ചു വർഷത്തെ പ്രവൃത്തി പരിചയം.
2. സൈക്കോ സോഷ്യൽ വർക്കർ : യോഗ്യത എം.എസ്.ഡബ്ല്യു/എം.എ (സോഷ്യോളജി ) , കൂടാതെ കുറഞ്ഞത് അഞ്ചു വർഷത്തെ പ്രവൃത്തി പരിചയം.

നിർദ്ദിഷ്ട യോഗ്യതയുള്ള വ്യക്തികൾ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ,സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം 2022 ഒക്ടോബർ മാസം 10-ആം തീയതി വൈകുന്നേരം 5 മണിക്ക് മുൻപ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസ് , ഓപ്പോസിറ്റ് എൽ.എച്ച്.ഓ എസ്.ബി.ഐ , റോട്ടറി ജംഗ്ഷൻ ,പൂജപ്പുര ,തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ നേരിട്ടോ tvmdcpu2015@gmail.com എന്ന ഈ-മെയിലോ അപേക്ഷിക്കേണ്ടതാണ് . വൈകി ലഭിക്കുന്നതും അപൂർണ്ണവും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ് .കൂടുതൽ വിവരങ്ങൾക്ക് തിരുവനതപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുമായി ബന്ധപ്പെടുക . ഫോൺ നമ്പർ : 0471-2345121.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ
തിരുവനന്തപുരം